പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 60 | 13-10-2026-ൽ മറുപടിയ്ക്ക്

**<u>വിജിലൻസ് കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. ടി .ഒ. മോഹനൻ

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീ. കെ. ജയന്ത്

ശ്രീമതി ഉഷ വിജയൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. രമേശ് ചെന്നിത്തല

(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** വിജിലൻസ് പ്രവർത്തനങ്ങളിലും സേവനങ്ങളിലും സാങ്കേതികവിദ്യ പരമാവധി പ്രയോജനപ്പെടുത്തി സുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** വിജിലൻസിന്റെ പ്രവർത്തനങ്ങളും സേവനങ്ങളും കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള വിവിധ ഡിജിറ്റൽ സംവിധാനങ്ങൾ വിജിലൻസ് ആൻഡ് ആന്റി-കറപ്ഷൻ ബ്യൂറോയിൽ നിലവിൽ ഉപയോഗിച്ചുവരുന്നു. VCEMS, VACB SUITE 3.0, eOffice, IAPS, VACB DSMS തുടങ്ങിയ വിവിധ ആപ്ലിക്കേഷനുകൾ ഇതിൽ ഉൾപ്പെടുന്നു. കൂടാതെ, നിർമ്മിത ബുദ്ധി (Artificial Intelligence) അടിസ്ഥാനമാക്കി വിജിലൻസിലെ കേസുകൾ, അന്വേഷണങ്ങൾ, പരാതികൾ എന്നിവ കൂടുതൽ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിനായി ഒരു ഏകീകൃത സംവിധാനം വികസിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

**(ബി)** വിജിലൻസ് ആൻഡ് ആന്റി-കറപ്ഷൻ ബ്യൂറോ സ്വന്തമായി വികസിപ്പിച്ച സംയോജിത ഡിജിറ്റൽ പ്ലാറ്റ്ഫോം വി.എ.സി.ബി. സ്യൂട്ട് 3.0 യെ കുറിച്ച് വിശദമാക്കുമോ;

**<u>മറുപടി:</u>** വിജിലൻസിലെ കേസുകളും എൻക്വയറികളുമായി ബന്ധപ്പെട്ട വിവരങ്ങളും ഡാറ്റയും കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിനായി വിജിലൻസ് ആൻഡ് ആന്റി-കറപ്ഷൻ ബ്യൂറോ സ്വന്തമായി വികസിപ്പിച്ചെടുത്ത സമഗ്ര ഡിജിറ്റൽ പ്ലാറ്റ്ഫോമാണ് **VACB SUITE 3.0.** വിജിലൻസ് കേസുകൾ, എൻക്വയറികൾ, അവയുമായി ബന്ധപ്പെട്ട അനുബന്ധ വിവരങ്ങൾ എന്നിവ പൂർണ്ണമായും ഡിജിറ്റൽ രീതിയിൽ കൈകാര്യം ചെയ്യുന്നതിനും, ഫയൽ മാനേജ്മെന്റ്, അന്വേഷണ പുരോഗതി നിരീക്ഷണം, രേഖകളുടെ ഡിജിറ്റൽ സംരക്ഷണം, ഡോക്യുമെന്റ് മാനേജ്മെന്റ്, ഡാറ്റാ വിശകലനം, റിപ്പോർട്ടിംഗ് തുടങ്ങിയ പ്രവർത്തനങ്ങൾ ഒരൊറ്റ ഡിജിറ്റൽ സംവിധാനത്തിലൂടെ നടപ്പാക്കുന്നതിനുമാണ് VACB SUITE 3.0 വികസിപ്പിച്ചിട്ടുള്ളത്. ഇതിലൂടെ കേസുകളുടെയും അന്വേഷണങ്ങളുടെയും നടപടിക്രമങ്ങളിലെ കാലതാമസം കുറയ്ക്കുന്നതിനും, പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്തം ഉറപ്പാക്കുന്നതിനും

സാധിക്കുന്നു. കൂടാതെ, ഈ സംവിധാനം ബ്യൂറോയുടെ ആഭ്യന്തര ആവശ്യങ്ങൾ പരിഗണിച്ച് സ്വന്തമായി വികസിപ്പിച്ചതിനാൽ ബാഹ്യ ഏജൻസികളെ ആശ്രയിക്കേണ്ട സാഹചര്യം കുറയുകയും, അതുവഴി വലിയ സാമ്പത്തിക ബാധ്യത ഒഴിവാക്കുന്നതിനും ആവശ്യാനുസരണം സംവിധാനത്തിൽ മാറ്റങ്ങളും പരിഷ്കാരങ്ങളും വരുത്തുന്നതിനും സാധിക്കുന്നു.

**(സി)** ഡാറ്റയുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ ഈ ഡിജിറ്റൽ സംവിധാനത്തിലൂടെ സാധ്യമാകുമോ; വ്യക്തമാക്കുമോ?

**മറുപടി:** സാധ്യമാകും. ഡാറ്റയുടെ സുരക്ഷിതത്വവും രഹസ്യാത്മകതയും ഉറപ്പാക്കുന്നതിനായി VACB SUITE 3.0-ൽ വിവിധ സുരക്ഷാ സംവിധാനങ്ങളും നിയന്ത്രണങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രധാനമായും താഴെപ്പറയുന്ന സുരക്ഷാ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്:

**1. Role-Based Access Control (RBAC):** ചുമതലയും അധികാരപരിധിയും അനുസരിച്ച് അംഗീകൃത ഉദ്യോഗസ്ഥർക്ക് മാത്രമായി സിസ്റ്റം പ്രവേശനം നിയന്ത്രിക്കുന്നു.

**2. Data Encryption:** ഡാറ്റ കൈമാറ്റ സമയത്തും (Data in Transit) സംഭരണ സമയത്തും (Data at Rest) ആവശ്യമായ എൻക്രിപ്ഷൻ സംവിധാനങ്ങൾ ഉപയോഗിക്കുന്നു.

**3. Audit Logging:** സിസ്റ്റത്തിൽ നടക്കുന്ന പ്രധാനപ്പെട്ട പ്രവർത്തനങ്ങളും ഉപയോക്തൃ ഇടപെടലുകളും രേഖപ്പെടുത്തുന്നതിനായി ഓഡിറ്റ് ലോഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

**4. Regular Backup:** ഡാറ്റ നഷ്ടപ്പെടുന്നത് തടയുന്നതിനും ആവശ്യമായ സാഹചര്യങ്ങളിൽ ഡാറ്റ പുനഃസ്ഥാപിക്കുന്നതിനുമായി പതിവായി ബാക്കപ്പ് സംവിധാനങ്ങൾ നടപ്പാക്കിയിട്ടുണ്ട്.

**5. Security Audit & Secure Hosting:** ആവശ്യമായ സെക്യൂരിറ്റി ഓഡിറ്റ് നടപടികൾ പൂർത്തിയാക്കിയ ശേഷം VACB SUITE 3.0 സംസ്ഥാന ഡാറ്റാ സെന്ററിൽ (State Data Centre) സുരക്ഷിതമായി ഹോസ്റ്റ് ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**